# Desabhimani

## 19 July 2018

## Chellanam, Andakaranazhi Shutter, Sea Level Rise

ചെല്ലാനത്ത് കടൽകയറ്റം

# അന്ധകാരനഴി ഷട്ടർ തുറക്കണമെന്നാവശ്യം

**പള്ളുരുത്തി**

ചെല്ലാനത്ത് അഞ്ചാംദിവസവും കടൽക്ഷോഭം ശക്തം. തുടർച്ചയായ കടൽകയറ്റം ചെല്ലാനത്തുകാരെ കടുത്ത ദുരിതത്തിലാക്കി. ദുരിതാശ്വാസ ക്യാമ്പിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം കൂടി. ആദ്യദിവസം ചെല്ലാനത്തെ സെന്റ് മേരീസ് സ്കൂളിൽ 253 കുടുംബങ്ങളാണ് രജിസ്റ്റർചെയ്തത്. നാലാം ദിവസമായപ്പോൾ 409 ആയി. ലിയോ സ്കൂളിലും ക്യാമ്പുണ്ട്. പഞ്ചായത്തും റവന്യു വകുപ്പും ചേർന്ന് ഭക്ഷണം എത്തിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ മണൽവാടകൾ തകർന്നിടത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജെസിബി ഉപയോഗിച്ച് മണൽവാട പുനർനിർമിക്കുന്നുണ്ട്. കിഴക്കൻപ്രദേശത്ത് കയറിയ മഴവെള്ളവും പടിഞ്ഞാറുനിന്നുള്ള കടൽവെള്ളവും അന്ധകാരനഴിഷട്ടർ തുറക്കാതെ ഒഴുകിപ്പോകില്ലെന്ന സ്ഥിതിയാണ്.

ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി ജോസി, സെക്രട്ടറി പി പി ഷീല എന്നിവരുടെ നേതൃത്വത്തിൽ അന്ധകാരനഴി സന്ദർശിച്ചു. ആലപ്പുഴ ജില്ലാ കലക്ടറോടും മറ്റു ഉദ്യോഗസ്ഥരോടും ഷട്ടർ തുറക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. പൊലീസും ഫയർഫോഴ്സും ആരോഗ്യവകുപ്പും ആംബുലൻസും ചെല്ലാനത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്.